(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ടി) എന്ന ഒരു വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജസംരക്ഷണം പ്രാവർത്തികമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇത് നടപ്പാക്കുന്നതിനായി പൊതുജനങ്ങളെ ബോധവത്കരിക്കാൻ ബോധവത്കരണ ക്ലാസ്സുകൾ നടത്തുക, ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്കരണ പരിപാടികൾ, പ്രദർശനങ്ങൾ മുതലായവ നടത്തുക, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, ഐസ് പ്ലാന്റുകളിൽ ഊർജ്ജസംരക്ഷണം നടത്തുന്നതിന് സാങ്കേതിക ഉപദേശങ്ങൾ നൽകുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജസംരക്ഷണം, വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ മുതലായവയും എസ്കോട്ടിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

വൈദ്യുതി മോഷണം

32 (4614) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി മോഷണത്തിന് പിടിക്കപ്പെട്ട വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ആകെ എത്ര രൂപയുടെ വൈദ്യുതി മോഷണമാണ് ഇവർ നടത്തിയത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 20,05,352 രൂപയുടെ വൈദ്യുതി മോഷണമാണ് നടത്തിയത്.

വൈദ്യുതി മോഷണം

33 (4615) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി മോഷണത്തിന് ചുമത്തിയ ഏറ്റവും കൂടിയ തുക എത്രയെന്നും ഇതിന് കാരണക്കാരനായ ഉപഭോക്താവാരെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി മോഷണത്തിന് പിഴ ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നവർ നിയമ നടപടികളിലേക്ക് നീങ്ങിയിട്ടുണ്ടോയെന്നും എങ്കിൽ ഇതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഏതെങ്കിലും കേസിൽ വൈദ്യുതി ബോർഡിനെതിരായ വിധി ഉണ്ടായിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ ;

(സി) വൈദ്യുതി മോഷണം അറിയിക്കുന്ന വ്യക്തികൾക്ക് എന്തെങ്കിലും പാരിതോഷികം നൽകാറുണ്ടോയെന്നും എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ രീതിയിൽ എത്ര ലക ബോർഡ് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1,02,95,952 രൂപ എറണാകുളം ജില്ലയിൽ പെരുമ്പാവൂർ ഇലക്ട്രിസിറ്റി സെക്ഷന്റെ കീഴിലുള്ള 21767-ാം നമ്പർ കൺസ്യൂമറായ പി.എസ്. ഹാരിസ്, ജെ.ജെ. പ്ലൈവുഡ്, പെരുമ്പാവൂർ ആണ് ഉപഭോക്താവ്.

(ബി) നിങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 26 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു കേസിൽ വൈദ്യുതി ബോർഡിനെതിരെ വിധി വരികയും ആയതുപ്രകാരം കുന്നനാട് സെക്ഷന്റെ കീഴിലുള്ള 3176-ാം നമ്പർ കൺസ്യൂമറുടെ പിഴത്തുക റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഏതെങ്കിലും വ്യക്തികൾ മോഷണവിവരം അറിയിക്കുകയും തുടർന്നുള്ള പാരിതോഷികത്തിന് അപേക്ഷിക്കുകയും ചെയ്യുമ്പോൾ അത്തരം വ്യക്തികൾക്ക് അവർ നൽകിയ സൂചനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വൈദ്യുതിമോഷണത്തിന്റെ പിഴത്തുകയുടെ അഞ്ച് ശതമാനമോ അമ്പതിനായിരം രൂപയോ ഏതാണ് കുറവായിട്ടുള്ളത് അതുമായ ലക അനുബന്ധ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പാരിതോഷികമായി നൽകുന്നതാണ്.

ഇത്തരം സൂചനയുടെ അടിസ്ഥാനത്തിൽ 2014-15 വർഷം 9,54,501 രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയുണ്ടായി. ആയതിന് 21,937 രൂപ പാരിതോഷികമായി നൽകിയിട്ടുണ്ട്. ബാക്കി 25,790 രൂപ പാരിതോഷികമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly